## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ 3252

24.06.2013 ൽ മറുപടിയ്ക്ക്

### വോട്ടർ പട്ടിക പുതുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. ഉമ്മൻ ചാണ്ടി |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | (മുഖ്യമന്ത്രി) |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | |
| ശ്രീ. പി. എ. മാധവൻ | |

| | |
|---|---|
| (എ)സംസ്ഥാനത്ത് വോട്ടർ പട്ടിക പുതുക്കൽ പൂർണ്ണമായും ഓൺലൈനാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(സി) വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;; | (എ. യും ബി. യും സി. യും) സംസ്ഥാനത്ത് വോട്ടർ പട്ടിക പുതുക്കൽ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കുക, തിരുത്തൽ വരുത്തുക, താമസസ്ഥലം മാറുമ്പോൾ പുതിയ സ്ഥലത്ത് പേര് ചേർക്കുക തുടങ്ങിയ കാര്യങ്ങൾക്കുള്ള അപേക്ഷകൾ ഇപ്പോൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>വോട്ടർ പട്ടികയിൽ പേര് ചേർക്കുക, തിരുത്തൽ വരുത്തുക തുടങ്ങിയ കാര്യങ്ങൾക്കായി പൊതുജനങ്ങൾക്ക് താലൂക്ക്/വില്ലേജ് ഓഫീസുകളിൽ പോയി അപേക്ഷ സമർപ്പിക്കുകയും ഹിയറിംഗിനായി വളരെ നേരം കാത്തു നില്ക്കുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൂർണ്ണമായും ഓൺലൈൻ അപേക്ഷ എന്ന ആശയം നടപ്പിലാക്കിയിട്ടുള്ളത്. ഈ സംവിധാനത്തിൽ അപേക്ഷകന് ഇന്റർനെറ്റ് സംവിധാനമുള്ള കമ്പ്യൂട്ടറിൽ നിന്ന് (സ്വന്തം കമ്പ്യൂട്ടറിൽ നിന്നോ അക്ഷയകേന്ദ്രങ്ങൾ, ഇന്റർനെറ്റ് കഫേകൾ തുടങ്ങിയവയിൽ നിന്നോ ഇതിനൊന്നും സാധിക്കാത്തവർക്ക് താലൂക്ക് ഓഫീസുകളിലെ ഇലക്ഷൻ വിഭാഗത്തിൽ നിന്നോ) അപേക്ഷകൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റ് വഴി സമർപ്പിക്കാവുന്നതാണ്. ഈ സംവിധാനത്തിൽ അപേക്ഷകന്റെ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനും തിരിച്ചറിയൽ കാർഡ് ബൂത്ത് ലവൽ ഓഫീസർ വഴിയാണോ തപാൽ വഴിയാണോ നേരിട്ട് താലൂക്ക് ഓഫീസിൽ നിന്നാണോ ലഭ്യമാക്കേണ്ടത് എന്ന് രേഖപ്പെടുത്തുന്നതിനും കഴിയുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ അതാത് പോളിംഗ് ബൂത്തുകളുടെ ചുമതലയുള്ള ബൂത്ത് ലവൽ ഓഫീസർമാർ വഴി അന്വേഷണം നടത്തി ആയതിന്മേൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ |

ഓഫീസർമാർ തീരുമാനമെടുക്കുന്നതും, പുതിയതോ തിരുത്തൽ വരുത്തിയതോ ആയ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതുമാണ്.

ഡി) പ്രസ്തുത സംവിധാനത്തിന് വേണ്ടത്ര പ്രചാരം നല്കുവാൻ സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

(ഡി) ദൃശ്യ, ശ്രാവ്യ, അച്ചടി മാദ്ധ്യമങ്ങളിലൂടെ പരസ്യങ്ങൾ നല്കുക, കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് വിഭാഗങ്ങളിൽ വോട്ടർ സഹായ വിജ്ഞാന കേന്ദ്രങ്ങൾ തുറക്കുക, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക പ്രചരണം നടത്തുക തുടങ്ങി വിപുലമായ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ